പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1804

25.03.13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമുള്ള സഹായധനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. എഫ്. തോമസ്<br>,, റ്റി. യു. കുരുവിള | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ഇപ്പോൾ നൽകിവരുന്ന സഹായധനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവരുടെ ചികിത്സാച്ചെലവ് ഏറ്റെടുക്കുന്നതിനു നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; | (ബി) യും (സി) യും | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടി വരുന്നവർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി 20,000 രൂപ നൽകി വരുന്നു. കൂടാതെ മാരക രോഗ ചികിത്സാ പദ്ധതി പ്രകാരം ഹൃദ്രോഗം, വൃക്കരോഗം, കാൻസർ എന്നിവയ്ക്ക് 50,000 രൂപയും തളർവാതത്തിന് 12,000 രൂപയും ചികിത്സിച്ച് മാറ്റാവുന്ന മാനസീക രോഗത്തിന് പരമാവധി 5000 രൂപയും ധനസഹായമായി നൽകുന്നു.<br>മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യത്തിന് അർഹരായവർക്ക് അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കായി ആകെ ചെലവാകുന്ന തുകയോ, പരമാവധി 60,000 രൂപയോ ഇവയിൽ ഏതാണോ കുറവ് ആ തുകയും ആനുകൂല്യത്തോടൊപ്പം ലഭിക്കും.<br>സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും 'ചിയാക്' വഴി ചികിൽസാ സഹായം നൽകി വരുന്നു. |
| (സി) | എങ്കിൽ, ആയതിന് വിപുലമായ ഒരു പദ്ധതി നടപ്പാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി:

## 1. ഗ്രൂപ്പ് ഇൻഷ്വുറൻസ്:

ഗ്രൂപ്പ് ഇൻഷ്വുറൻസ് പദ്ധതി പ്രകാരം അപകടമരണത്തിനും, മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും, സ്ഥിരവും പൂർണ്ണവുമായ അവശതക്കും 3 ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അവശതക്ക് 1,50,000/- രൂപയും നൽകി വരുന്നു. മെ.യുണൈറ്റഡ് ഇന്ത്യ ഇൻഷ്വുറൻസ് കമ്പനി തൃശ്ശൂർ ബ്രാഞ്ച് മുഖേനയാണ് 17-12-2012 മുതൽ ഒരു വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഇൻഷ്വുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികളിൽ നിന്ന് പ്രീമിയം ഒന്നും ഈടാക്കുന്നില്ല.

ബി.(1) അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസക്ക് ചികിത്സാ ധനസഹായം - ഇത് പ്രകാരം പരമാവധി 20000/- രൂപ.

(2) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം : 5000 രൂപ പരമാവധി 10,000 രൂപ.

(3) ശവസംസ്ക്കാര ചടങ്ങിന് ധനസഹായം : 2000 രൂപ (പരമാവധി).

## 2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയൊ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം:

മത്സ്യബന്ധന സമയത്തോ തൊട്ട് പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന സന്ദർഭങ്ങളിൽ അവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായമായി 20,000/- രൂപ നൽകി വരുന്നു.

## 3. വിവാഹ ധനസഹായം:

ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യ ധനസഹായമായി 1500/- രൂപ നൽകി വരുന്നു. മത്സ്യത്തൊഴിലാളികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വിധവയായ മാതാവിനും ഈ ധനസഹായം ലഭിച്ചിട്ടില്ലാത്ത പെൻഷണർമാർക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ധനസഹായതുക 5000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

## 4. വാർദ്ധക്യ കാല പെൻഷൻ:

60 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ബോർഡിൽ നിന്ന് വാർദ്ധക്യകാല പെൻഷനായി പ്രതിമാസം 400/- രൂപ നൽകുന്നു. 2011 ഫെബ്രുവരി മുതൽ വരുമാനം ഒഴിവാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## 5.. ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം:

ആശ്രിതരുടെ മരണാനന്തര ചിലവുകൾക്കായി 600/- രൂപ നൽകുന്നു.

**6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായ പദ്ധതി:**

അപകടം മൂലം ചുരുങ്ങിയത് 7 ദിവസത്തേക്കെങ്കിലും ചികിൽസാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപ ധനസഹായം ലഭിക്കും.

**7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം:**

60 വയസ്സിൽ താഴെയുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് 5000/- രൂപ സൗജന്യമായി ധനസഹായം നൽകുന്നു. നിയമാനുസൃത ആശ്രിതർ ഇല്ലാത്തപക്ഷം മരണാനന്തര ചിലവുകൾ വഹിച്ച ആൾക്ക് 1000/- രൂപ ധനസഹായമായി നൽകുന്നു.

**8. എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ്:**

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷക്ക് എല്ലാ വിഷയത്തിലും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥിക്ക് 5,000/- രൂപയും, 9 എ+ നേടിയ വിദ്യാർത്ഥിക്ക് 4,000/- രൂപയും, 8 എ+ നേടിയ വിദ്യാർത്ഥിക്ക് 3,000/- രൂപ വീതവും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥിക്ക് 3000/- രൂപയും നൽകുന്നു.

**9. കുടുംബ സംവിധാന പദ്ധതി:**

ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ, ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയമായാൽ തുടർന്നുള്ള ശുശ്രൂഷകൾക്ക് 500/- രൂപ ധനസഹായം നൽകുന്നു.

**10. മാരക രോഗ ചികിൽസാ പദ്ധതി**

കാൻസർ, ഹൃദ്രോഗം, വൃക്കരോഗം എന്നീ രോഗങ്ങളുടെ ചികിൽസക്കുള്ള പരമാവധി ധനസഹായമായി 50,000/- രൂപ നൽകിവരുന്നു. തളർവാതത്തിന് 12,000/- രൂപയും, മാനസിക രോഗത്തിന് 5,000/- രൂപയും പരമാവധി ധനസഹായമായി നൽകുന്നു. മത്സ്യബോർഡിൽ അംഗത്വമെടുത്ത് 5 വർഷം തുടർച്ചയായി വിഹിതമടച്ചാലേ മേൽ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയുള്ളൂ. ധനസഹായതുക 60,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**11. ചെയർമാൻസ് റിലീഫ് ഫണ്ട്:**

അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതികൾ മുതലായവ മൂലം. ജീവനും, സ്വത്തിനും, നഷ്ടം സംഭവിക്കുമ്പോൾ അടിയന്തിര ദുരിതാശ്വാസ ധനസഹായമായി 5,000/- രൂപ വരെ (കഷ്ടനഷ്ടങ്ങളുടെ സ്വഭാവമനുസരിച്ച്) ധനസഹായം നൽകുന്നു.

**12. ബോർഡിന്റെ പ്രത്യേക ധനസഹായം:**

പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിലും ശോചനീയമായ കുടുംബ പരിതസ്ഥിതി, മാനുഷിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ക്ഷേമനിധി ബോർഡ് തീരുമാന പ്രകാരം പ്രത്യേക ധനസഹായങ്ങളും നൽകി വരുന്നു.

**13. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി:**

മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും അവരുടെ ആദ്യത്തെ രണ്ട് പ്രസവ ശുശ്രൂഷക്കുള്ള ധനസഹായമായി 750/- രൂപ വീതം നൽകുന്നു.

**14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി:**

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കു് 5000/- രൂപയും, വൊക്കേഷണൽ ഹയർ സെക്കണ്ടറി

പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം കാഷ് അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

**15. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി:**

മത്സ്യബോർഡ്, മത്സ്യ വകുപ്പ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികസന ക്ഷേമ പരിപാടികളെ കുറിച്ച് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ അറിവ് നൽകുന്ന തിനായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിലേക്കായി പദ്ധതി സംബന്ധിച്ച വീഡിയോ കാസറ്റുകൾ, പാംഫ്ലെറ്റുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭവന സന്ദർശനം, കോർണർ യോഗങ്ങൾ, സെമിനാറുകൾ എന്നിവ മുഖേനയാണ് ബോധവൽ ക്കരണ പരിപാടി നടപ്പിലാക്കുന്നത്.

**16. വിധവാ പെൻഷൻ:**

മത്സ്യബോർഡിൽ അംഗത്വമെടുത്ത് വിഹിതമടച്ച ശേഷം വാർദ്ധക്യ കാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിന് മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് പ്രതിമാസം 400/- രൂപ പെൻഷൻ നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

**17. കായിക വിനോദമത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം:**

b) ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക്
രണ്ടാം സ്ഥാനം നേടുന്നവർക്ക്
10000/- രൂ
മൂന്നാം സ്ഥാനം നേടുന്നവർക്ക്.
8000/- രൂ
സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്
5000/- രൂ
b) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ:
5000/- രൂ
ഒന്നാം സ്ഥാനം നേടുന്നവർക്ക്
രണ്ടാം സ്ഥാനം നേടുന്നവർക്ക്
8000/- രൂ
മൂന്നാം സ്ഥാനം നേടുന്നവർക്ക്
5000/- രൂ
d) സംസ്ഥാന തലത്തിൽ:
ഒന്നാം സ്ഥാനം നേടുന്നവർക്ക് 3000/- രൂ
രണ്ടാം സ്ഥാനം നേടുന്നവർക്ക്
മൂന്നാം സ്ഥാനം നേടുന്നവർക്ക് 5000/- രൂ
d) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ: 3000/- രൂ
ഒന്നാം സ്ഥാനം നേടുന്നവർക്ക് 2000/- രൂ

3000/- രൂ

രണ്ടാം സ്ഥാനം നേടുന്നവർക്ക് 2000/- രൂ

മൂന്നാം സ്ഥാനം നേടുന്നവർക്ക് 1000/- രൂ

**18. ക്രാഫ്റ്റ് ഇൻഷുറൻസ്:**

വള്ളങ്ങൾക്കും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ (പ്രീമിയം തുക 75% സർക്കാരും ബാക്കി 25% ഉടമയും ചേർന്ന് നൽകിവരുന്നു).

നിശ്ചിത വിലയുടെ 75%-വും കടലിലെ ദുരന്തത്തിൽ യാനവും, എഞ്ചിനും, വലയും നഷ്ടപ്പെടുകയാണെങ്കിൽ വലക്ക് 20,000/- രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

19. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എസ്.എസ്.എൽ.സി. +2 പരീക്ഷകൾക്ക് മുന്നോടിയായി പരിശീലനം നൽകുന്ന പദ്ധതി - സ്കൂളുകൾക്ക് ധനസഹായം.സ്കൂൾ ഒന്നിന്

SSLC മാത്രമുള്ള സ്കൂൾ- 10,000/-രൂപ

SSLC-യും +2 ഉള്ള സ്കൂൾ 20000/-രൂപ വീതം.

20. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കായിക വിദ്യാഭ്യാസം - സ്കൂളുകൾക്ക് ധനസഹായം. 25,000/- രൂപ വരെ

# മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(1) **മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് ഗ്രൂപ്പ് അപകട മരണ ഇൻഷ്വറൻസ് പദ്ധതി 1996 മുതൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന അർഹതയുള്ളു. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണം സംഭവിച്ചാൽ മൂന്നു ലക്ഷം രൂപയും അപകടത്തെ തുടർന്ന് 50 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യം സംഭവിച്ചാൽ 1,50,000/- രൂപയും, പൂർണ്ണവും സ്ഥിരവുമായ അംഗവൈകല്യമാണ് സംഭവിക്കുന്നതെങ്കിൽ പരമാവധി മൂന്നു ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(2) **മറ്റ് പദ്ധതികൾ**

(എ) മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000/- രൂപ ധനസഹായമായി നൽകുന്നു.

(ബി) മേൽ പാര (എ1) 1 പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തവർ അപകടത്തിൽ മരണപ്പെടുകയാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക ധനസഹായമായി 50,000/- രൂപ നൽകുന്നു.

(സി) മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതത്തിൽ/ അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അടിയന്തിര സഹായമായി (അഡ്വാൻസായി) 5,000 രൂപ നൽകുന്നു

(ഡി) മാരക രോഗങ്ങൾ മൂലം അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ചികിൽസാ ധനസഹായമായി 2500/- രൂപ നൽകുന്നു.

(എഫ്) പ്രകൃതി ക്ഷോഭം, അപകടം എന്നിവ മൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 1000/- രൂപ ധനസഹായമായി നൽകുന്നു.

(ജി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ എൻട്രൻസിലൂടെ അഡ്മിഷൻ നേടുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 10,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

(എച്ച്) എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് വാങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 3000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

(ഐ) കലാകായിക മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ മികവ് തെളിയിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.

സെക്ഷൻ ഓഫീസർ